"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ജീവനക്കാര്യം -എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ദക്ഷിണ മേഖല മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറിയിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ലബോറട്ടറി അസിസ്റ്റന്റ് ആയ ശ്രീ.മാക്സ് വെൽ.എച്ച്-നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് ) വകുപ്പ്**

സ.ഉ.(സാധാ) നം.477/2024/TAXES തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.383/2023/നികുതി തീയതി 08.06.2023.
2. ഗവ.ചീഫ് കെമിക്കൽ എക്സാമിനറുടെ 16.03.2024 ലെ സിഇഎൽഡി/1068/2023-ഇ1 നമ്പർ കത്ത്.
3. എക്സൈസ് കമ്മീഷണറുടെ 01.02.2024 ലെ ഇ.എക്സ്.സി/619/2024-എക്സ്.ഡി1 നമ്പർ കത്ത്.

**ഉത്തരവ്**

എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ദക്ഷിണ മേഖല മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് നിയമിക്കപ്പെട്ടിട്ടുള്ള കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ ലബോറട്ടറി അസിസ്റ്റന്റ് ശ്രീ.ബിനുകുമാർ.എം.എൽ-ന്റെ അന്യത്ര സേവന കാലാവധി 31.05.2024 ൽ അവസാനിക്കുകയാണെന്നും,ശ്രീ.ബിനുകുമാർ.എം.എൽ.ന്റെ അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ദക്ഷിണ മേഖല മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറിയുടെ സുഗമമായ പ്രവർത്തനത്തിന് പുതിയ ലാബ് അസിസ്റ്റന്റിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ലബോറട്ടറി അസിസ്റ്റന്റ് ആയ ശ്രീ.ശ്രീ.മാക്സ് വെൽ.എച്ച് -നെ എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ദക്ഷിണ മേഖല മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറിയിൽ ലാബ്

അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി പരാമർശം (2) പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ നാമനിർദേശം ചെയ്യുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ദക്ഷിണ മേഖല മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറിയിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ലബോറട്ടറി അസിസ്റ്റന്റ് ആയ ശ്രീ.മാക്സ് വെൽ.എച്ച്.(പെൻ.806557)-നെ , അന്യത്ര സേവനവ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥകളുടെ നിബന്ധനയ്ക്ക് വിധേയമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.ശ്രീ.മാക്സ് വെൽ.എച്ച്,ലബോറട്ടറി അസിസ്റ്റന്റ് (എക്സൈസ് കമ്മീഷണർ മുഖേന).

3.ശ്രീ.ബിനുകുമാർ.എം.എൽ,ലബോറട്ടറി അസിസ്റ്റന്റ് (എക്സൈസ് കമ്മീഷണർ മുഖേന).

4.ഗവ.ചീഫ് കെമിക്കൽ എക്സാമിനർ,തിരുവനന്തപുരം.

5.ആഭ്യന്തര വകുപ്പ് (ഇ2/80/2024-ആഭ്യന്തരം തീയതി 03.05.2024).

6.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

7.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

8.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reese. V. A
Date: 07-06-2024 14:39:37

സെക്ഷൻ ഓഫീസർ